## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1401      15.6.2012-ൽ മറുപടിയ്ക്ക്

പച്ചക്കറിവില നിയന്ത്രിക്കാൻ നടപടി

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. എം. ഹംസ<br>ശ്രീമതി കെ. എസ്. സലീഖ | | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പച്ചക്കറി വില അനിയന്ത്രിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് അവ സർക്കാർ ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വി.എഫ്.പി. സി.കെ.സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. വിത്തുല്പാദനം മുതൽ വിപണി വൽക്കരണം വരെയുള്ള വ്യത്യസ്ഥഘടകങ്ങളെ കൂട്ടിയിണക്കി പച്ചക്കറി കൃഷിയുടെ വികസന ത്തിനുവേണ്ടി 48.5 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി 2012-13 നടപ്പാക്കാനായി രൂപീകരിച്ചുവരുന്നു. അതിൽ 6 കോടി രൂപ സർക്കാർ മാർക്കറ്റ് ഔട്ട്ലെറ്റുകളെ (വി.എഫ്.പി,സി.കെ) ശാക്തികരിക്കുന്നതിന് മാത്രം വകയിരുത്തിയിരിക്കുകയാണ്. |

പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 25 പച്ചക്കറി ചില്ലറ വില്പനശാലകൾ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ രണ്ട് വെജിറ്റബിൾ ബിഗ് ബസാറുകൾ 25.05.2012 മുതൽ തിരുവനന്തപുരത്തും എറണാകുളത്തും തുടങ്ങിയിട്ടുണ്ട്.

പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് കൊണ്ട് 10.70 കോടി രൂപ ചിലവ് വരുന്ന വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി നടപ്പാക്കി. തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് പദ്ധതിയിൽ പച്ചക്കറി സംഭരിച്ച് വിപണനം ചെയ്യുന്നതിനായി 10 സഞ്ചരിക്കുന്ന വില്പനശാലകൾ, ഉന്തുവണ്ടികൾ, കട്ട് വെജിറ്റബിൾ യൂണിറ്റ്, എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് ഹോർട്ടികോർപ്പാണ്.

(സി) വിപണിയിലെ വിലയിൽ 30 ശതമാനം കുറച്ച് വിൽപ്പന നടത്താൻ ആർക്കെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു; ഇപ്രകാരം 30 ശതമാനം വില കുറച്ച് പച്ചക്കറി വില്പന നടക്കുന്നുണ്ടോ;

(സി) വിപണിയിലെ വിലയിൽ 30 % കുറച്ച് വിൽപന നടത്താൻ വി.എഫ്.പി.സി.കെ. ഹോർട്ടികോർപ്പ് സപ്ലൈകോ എന്നീ ഏജൻസികൾക്കാണ് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നത്. ഈ ഏജൻസികളിലൂടെ 30 % വില കുറച്ച് പച്ചക്കറി വില്പന നടക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | വില കുറച്ച് നൽകിയ ഇനത്തിൽ ഉണ്ടായ നഷ്ടം നികത്തുന്നതിന് ഏതെല്ലാം ഏജൻസികൾക്ക് എന്ത് തുക ഇതിനകം നൽകുകയുണ്ടായി; | (ഡി) | വിലകുറച്ച് പച്ചക്കറികൾ വിറ്റതുമായി ബന്ധപ്പെട്ട നഷ്ടം തിട്ടപ്പെടുത്തി സർക്കാരിനെ അറിയിക്കുന്ന മുറയ്ക്ക് നഷ്ടം നികത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്നതാണ്. |
| (ഇ) | ഇതു സംബന്ധിച്ച തീരുമാനം എടുക്കുന്നതിന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ധനകാര്യവകുപ്പുമന്ത്രി പങ്കെടുക്കുകയുണ്ടായോ; നഷ്ടം നികത്തുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ? | (ഇ) | ധനകാര്യവകുപ്പുമന്ത്രി പങ്കെടുക്കുകയുണ്ടായില്ല വില്പന നടത്തുന്ന ഏജൻസികൾ നഷ്ടം തിട്ടപ്പെടുത്തി സർക്കാരിനെ അറിയിക്കുന്നതിനുസരിച്ച് മാർക്കറ്റ് ഇൻറർവെൻഷൻ പദ്ധതിക്കായി നീക്കിവെച്ചിട്ടുള്ള 5 കോടി രൂപയിൽ നിന്നും ഇതിനുള്ള തുക കണ്ടെത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**